നിന്നും 52.5 MVA ആയി ഉയർത്തുകയും 3 പുതിയ 11 കെ.വി. ഫീഡറുകൾ വൈദ്യുതി വിതരണത്തിനായി സജ്ജമാക്കുകയും ചെയ്തു. 110 കെ.വി. തിരുർ സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന് പരിമിതികളുള്ളതിനാൽ 200 MVA ശേഷിയുള്ള 220 കെ.വി. സബ്സ്റ്റേഷൻ വെങ്ങാലൂരിൽ സ്ഥാപിക്കുന്നതിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടി സബ്സ്റ്റേഷൻ പൂർത്തിയാകുന്ന തോടുകൂടി മാടക്കത്തറ സബ്സ്റ്റേഷനിൽനിന്ന് വടക്കാഞ്ചേരി- കുന്നംകുളം-വെങ്ങാലൂർ ഇടനാഴിയിലൂടെ വൈദ്യുതി ലഭ്യത ഉറപ്പുവരുത്താനാകും. കൂടാതെ 33 കെ.വി. കൽപകഞ്ചേരി സബ്സ്റ്റേഷന്റെ ശേഷി 10MVA- യിൽനിന്നും 16 MVA ആക്കി ഉയർത്തുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. കുറ്റിപ്പുറം സബ്സ്റ്റേഷനിൽനിന്നും കൽപകഞ്ചേരി സബ്സ്റ്റേഷനിലേയ്ക്ക് ഒരു 33 കെ.വി. ഫീഡർ ലഭ്യമാക്കുന്ന പ്രവൃത്തിയും പുരോഗമിക്കുന്നു.

(ബി) വെങ്ങാലൂർ സ്വിച്ചിംഗ് സ്റ്റേഷൻ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

വെങ്ങാലൂരിൽ 220 കെ.വി. ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ (GIS) സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കുവേണ്ടി സാങ്കേതികാനുമതിയും കിഫ്ബി -യുടെ ധനസഹായവും ലഭ്യമാണ്. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി തലക്കാട് വില്ലേജിൽ 212.8 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി കെ.എസ്.ഇ.ബി.എൽ. ആരംഭിച്ചിട്ടുണ്ട്.

(സി) തിരുർ പൂക്കയിൽ 110 കെ.വി.-യിൽനിന്ന് 220 കെ.വി.-യായി അപ്ഗ്രേഡ് ചെയ്യുന്ന പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

തിരുർ (പൂക്കയിൽ) 110 കെ.വി. സബ്സ്റ്റേഷൻ 220 കെ.വി.-യായി ഉയർത്തുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിംഗ് സ്റ്റേഷനുകൾ

163(433) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് വാഹനങ്ങളുടെ വ്യാപനത്തിന് അനിവാര്യമായ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.-യും അനെർട്ടും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഇലക്ട്രിക് വാഹനങ്ങളുടെ വ്യാപനത്തിന് അനിവാര്യമായ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മതിയായ തോതിൽ കേരളത്തിലുടനീളം ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കേരള സർക്കാരിന്റെ ഇ-മൊബിലിറ്റി പോളിസി പ്രകാരം കെ.എസ്.ഇ.ബി.എൽ.-നെയാണ് നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇപ്രകാരം എല്ലാ ജില്ലകളിലുമായി 250-ൽപ്പരം വരുന്ന സ്റ്റേഷനുകൾ ഉൾക്കൊള്ളുന്ന ഒരു ചാർജ്ജിംഗ് ശൃംഖല സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിട്ടിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിൽനിന്നും പ്രാരംഭഘട്ടമായി ആറ് ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സ്വന്തം സ്ഥലത്ത് ഇത്തരം സ്റ്റേഷനുകൾ സ്ഥാപിച്ച്, 7-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തിരിക്കുന്നു. ആദ്യ നാല് മാസങ്ങളിൽ വൈദ്യുതി വാഹന ഉടമകൾക്ക് സൗജന്യമായി ചാർജ്ജിംഗ് സ്റ്റേഷനുകൾ ഉപയോഗിക്കുന്നതിനായി നൽകിയിരിക്കുകയാണ്. ഇത്തരത്തിൽ മികച്ച ഒരു ഇലക്ട്രിക് വാഹന ഉപയോഗ സംസ്കാരം രൂപീകരിക്കുന്നതിൽ വൈദ്യുതി ബോർഡ് ഗണ്യമായ പങ്കുവഹിക്കുകയാണ്. കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തകഴിഞ്ഞ സ്റ്റേഷനുകൾ താഴെ ചേർക്കുന്നു. 1.നേമം, ഇലക്ട്രിക്കൽ സെക്ഷൻ, തിരുവനന്തപുരം 2. ഒലൈ, ഇലക്ട്രിക്കൽ സെക്ഷൻ, കൊല്ലം 3. പാലാരിവട്ടം, വൈദ്യുതി ഭവനം, എറണാകുളം 4. വിയ്യൂർ, സബ്സ്റ്റേഷൻ, തൃശ്ശൂർ 5. നല്ലളം, സബ്സ്റ്റേഷൻ, കോഴിക്കോട് 6. ചൊവ്വ, സബ്സ്റ്റേഷൻ, കണ്ണൂർ. സംസ്ഥാന ഗവൺമെന്റിന്റെ ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിൽനിന്നും 26 പുതിയ ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതികൂടി ലഭിച്ചിട്ടുണ്ട്. അതുംകൂടി സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുകയാണ്. ഇതോടൊപ്പം കേന്ദ്ര ഗവൺമെന്റിന്റെ ഫെയിം ഇന്ത്യ ഫേസ് II പദ്ധതി പ്രകാരമുള്ള 30 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾകൂടി നടന്നുവരികയാണ്. ഇത്തരത്തിൽ 56 സ്റ്റേഷനുകളുടെ നിർമ്മാണം ഏതാനും മാസങ്ങൾക്കുള്ളിൽതന്നെ പൂർത്തീകരിക്കുന്നതായിരിക്കും. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ ഫെയിം II പദ്ധതി വഴി 20 ചാർജ്ജിംഗ് സ്റ്റേഷനുകൾക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. അനെർട്ട് മുഖേന കേരളത്തിലെ എല്ലാ ജില്ലകളിലും ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ദേശീയ പാതകൾ, സ്റ്റേറ്റ് ഹൈവേകൾ, എം.സി റോഡ്, മറ്റ് പ്രധാന റോഡുകൾ എന്നിവിടങ്ങളിൽ കുറഞ്ഞത് 5 സെന്റ് സ്ഥലം 10 വർഷത്തെ ലീസിന് നൽകുവാൻ സാധിക്കുന്ന സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവിടങ്ങൾ കണ്ടെത്തി ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുവരുന്നു. കേന്ദ്ര ഊർജ്ജ വകുപ്പിന്റെ കീഴിലുള്ള EESL (Energy Efficiency Service Limited) എന്ന സ്ഥാപനവുമായി ചേർന്നാണ് അനെർട്ട് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഒരു യൂണിറ്റിന് 70 പൈസ നിരക്കിൽ തറവാടക നൽകുന്നതാണ്. DTPC സെന്ററുകൾ, KTDC ഹോട്ടലുകൾ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങൾ ആ പദ്ധതിക്ക് വളരെയധികം അനുയോജ്യമാണ്. ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് പ്രധാന

LIBRARY ARCHIVES Kerala Legislative Assembly

തടസ്സമായി നിൽക്കുന്നത്, ഇത് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലലഭ്യതയാണ്. നിലവിൽ തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ 5 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ കൊല്ലം, ഇടുക്കി, തൃശ്ശൂർ, വയനാട്, കാസർഗോഡ് ജില്ലകളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തിയായിവരുന്നു. പത്തനംതിട്ട, കോട്ടയം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ചാർജ്ജിംഗ് മെഷിനുകൾ എത്തിച്ചേർന്നിട്ടുണ്ട്. ഇത് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭിച്ചാലുടൻ പണി പൂർത്തീകരിക്കാൻ കഴിയുന്നതാണ്. NH, MC Road, മറ്റ് പ്രധാന റോഡുകൾ എന്നിവിടങ്ങളിൽ ഓരോ 50 കിലോമീറ്ററിലും ഓരോ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുവേണ്ട പദ്ധതിക്കായി സ്വകാര്യ സംരംഭങ്ങളിൽനിന്നും സോളാർ പവേർഡ് പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. കൂടാതെ പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ഗ്രണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഏജൻസികളെ എംപാനൽ ചെയ്യുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

(ബി) പാലക്കാട് - കോഴിക്കോട് ദേശീയപാതയിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ

പാലക്കാട് - കോഴിക്കോട് ദേശീയപാതയിലെ നിർദ്ദിഷ്ട ചാർജ്ജിംഗ് സ്റ്റേഷനുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിർമ്മാണം പൂർത്തിയായവ- 1. നല്ലളം.

സബ്സ്റ്റേഷൻ നിർമ്മാണം പുരോഗമിക്കുന്നവ -

1. കരിപ്പൂർ എയർപോട്ട് 2. രാമനാട്ടുകര സബ്സ്റ്റേഷൻ 3. ഗാന്ധിറോഡ് സബ്സ്റ്റേഷൻ 4. കോർപ്പറേഷൻ സ്റ്റേഡിയം, കോഴിക്കോട് 5. ബീച്ച് ഹോസ്പിറ്റൽ, കോഴിക്കോട്.

ടെണ്ടർ നടപടി പുരോഗമിക്കുന്നവ-

1. 110 കെ.വി. സബ്സ്റ്റേഷൻ, പെരിന്തൽമണ്ണ

2. 110 കെ.വി. സബ്സ്റ്റേഷൻ, മലപ്പുറം

3. 33 കെ.വി. സബ്സ്റ്റേഷൻ, വള്ളുവമ്പ്രം.

മങ്കട മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ

164(434) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ്; ഓരോന്നിന്റെയും വിശദാംശം ലഭ്യമാക്കുമോ?